**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് ദേശീയപാതകളുടെ നിർമ്മാണത്തിന്റെ ജി.എസ്.ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള ഗ്രീൻഫീൽഡ് ദേശീയപാതകളുടെ നിർമ്മാണത്തിന്റെ ജി.എസ്.ടി ഒഴിവാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള ഗ്രീൻഫീൽഡ് ദേശീയപാതകളുടെ നിർമ്മാണത്തിൽ ജി.എസ്.ടി., റോയൽറ്റി എന്നിവ ഒഴിവാക്കണം എന്ന ദേശീയപാത അതോറിറ്റിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇത്തരത്തിൽ ജി.എസ്.ടി ഒഴിവാക്കുന്നത് സംസ്ഥാനത്തിന് കനത്ത വരുമാന നഷ്ടം ഉണ്ടാക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഔട്ടർ റിംഗ് റോഡിന് 50 % ഭൂമി ഏറ്റെടുക്കൽ വിഹിതമായി 930.41 കോടി രൂപയും റോയൽറ്റി ഇനത്തിൽ 10.87 കോടി രൂപയും ജി.എസ്.ടി. ഒഴിവാക്കുന്നതു വഴി 210.63 കോടി രൂപയും സർവ്വീസ് റോഡ് നിർമ്മാണത്തിന് 477.33 കോടി രൂപയും ഉൾപ്പെടെ 1629.24 കോടി രൂപ സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. എറണാകുളം ബൈപ്പാസ് (NH 544) ൽ റോയൽറ്റി, ജി.എസ്.ടി. ഇനത്തിൽ 424 കോടി രൂപയും കൊല്ലം-ചെങ്കോട്ട (NH 744) ൽ 317.35 കോടി രൂപയും സംസ്ഥാനത്തിന്റെ ബാധ്യതയിലാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നിലയിൽ ആകെ 2370.59 കോടി രൂപ ഈ മൂന്ന് പദ്ധതികളിൽ മാത്രമായി സംസ്ഥാനത്തിന് ബാധ്യത ഉണ്ടാകുമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിഗമനം. |
| (സി) | പ്രസ്തുത പ്രവൃത്തിക്കാവശ്യമായ മണ്ണിന്റെയും കല്ലിന്റെയും റോയൽറ്റി ഉപേക്ഷിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ